(ബി) എത്ര ശതമാനം തുക ചെലവഴിച്ചാണ് ഈ നേട്ടം കൈവരിക്കാനായതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നേട്ടം കൈവരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ബഡ്ജറ്റ് വിഹിതത്തേക്കാൾ തുക ചെലവഴിച്ചുകൊണ്ട് നേട്ടമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ നിരത്തുവിഭാഗം 164 ശതമാനവും കെട്ടിട വിഭാഗം 138.4 ശതമാനവും തുക ചെലവഴിച്ചിട്ടുണ്ട്.

(സി) പ്രവൃത്തികൾക്ക് യഥാസമയം ഭരണാനുമതി നൽകുകയും അവ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്താണ് പ്രസ്തുതനേട്ടം കൈവരിച്ചത്.

വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ റെയിൽ, റോഡ് കണക്ടിവിറ്റി

341(3266) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന് റെയിൽ, റോഡ് കണക്ടിവിറ്റി ലഭ്യമാക്കിയപ്പോൾ സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട മുളവുകാട് ഗ്രാമനിവാസികൾക്ക് സർവ്വീസ് റോഡ് അനുവദിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) സർവ്വീസ് റോഡ് നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) സർവ്വീസ് റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ പണം അനുവദിക്കുന്നത് ആരെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്നും വിശദീകരിക്കാമോ ;

(ഡി) സർവ്വീസ് റോഡ് നിർമ്മിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി, കൊച്ചിൻ പോർട്ട് ട്രസ്റ്റ് എന്നിവയുടെപ്രവർത്തനം ഏകോപിപ്പിക്കുന്നതിന് മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) സർവ്വീസ് റോഡ് നിർമ്മാണം പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ സർവ്വീസ് റോഡിന്റെ ആവശ്യം ജനങ്ങൾ ശക്തമായി ഉന്നയിക്കുന്നതിനാൽ ഇത് ഉൾപ്പെടുത്തുന്ന കാര്യം NHAI -യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ എടുക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

പരിഷ്കരിച്ച പി.ഡബ്ല്യു. ഡി. മാന്വൽ

342(3267) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ഡബ്ല്യു.ഡി. മാന്വൽ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം മാറ്റങ്ങളാണ് പരിഷ്കരിച്ച മാന്വലിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്കരണത്തിന് പ്രസ്തുത നടപടി എത്ര മാത്രം സഹായകരമാകും എന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പരിഷ്കരിച്ച മാന്വൽ പ്രാബല്യത്തിൽ വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പി. ഡബ്ല്യു. ഡി. മാന്വൽ കാലോചിതമായി പരിഷ്കരിച്ച് G.O (P) No.13/2012/PWD തീയതി 1-2-2012 പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ വരുത്തിയിട്ടുള്ള കാതലായ മാറ്റങ്ങൾ ഇവയാണ്.

1. ഉദ്യോഗസ്ഥന്മാരുടെ ചുമതലകളിലും ഉത്തരവാദിത്തങ്ങളിലും കൂടുതൽ വ്യക്തത വരുത്തിയിട്ടുണ്ട്.